# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചൊക്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി.9/1200/2021 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 01/12/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊക്ലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-22,1-23,1-24,1-25,1-26 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി.9/1200/2021 തീയ്യതി: 01/12/2021

## കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു .പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 28-09-2021 | 21-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-09-2021 | 21-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ലതാവാണി എൻ.എൻ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ഉഷ എ., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി വിപിന വത്സരാജ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രത്യുഷ് എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാകേഷ്.വി.കെ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.സന്തോഷ് കുമാർ.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അശ്വതി വിജയൻ | കൃഷി ഓഫീസർ | 01-04-2019 | 08-07-2019 |
| ശ്രീമതി.നിഖിത.ജെ | കൃഷി ഓഫീസർ | 09-07-2019 | 03-03-2020 |
| ശ്രീമതി.അശ്വതി വിജയൻ | കൃഷി ഓഫീസർ | 04-03-2020 | 31-03-2020 |
| ഡോ.കെ .ചന്ദ്രശേഖരൻ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.അമൃത കല | മെഡിക്കൽ ഓഫീസർ(പി എച്ച് സി ) | 01-04-2019 | 31-03-2020 |
| ശ്രീ.ബിജീഷ്.എൻ.കെ | വി ഇ ഒ (നിടുമ്പ്രം സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീ.ജസീർ.കെ.പി | വി ഇ ഒ (ഒളവിലം സർക്കിൾ) | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു.പി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.ഷോണ.എസ്.ആർ | മെഡിക്കൽ ഓഫീസർ(ഹോമിയോ ) | 01-04-2019 | 31-03-2020 |
| ശ്രീ.ഫെബിൻ .പി .പോൾ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-08-2019 |
| ശ്രീ.വിനോദൻ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-09-2019 | 15-11-2019 |
| ശ്രീമതി.ഫ്ലാവിയ ജോർജ് | അസിസ്റ്റന്റ് എഞ്ചിനിയർ | 16-11-2019 | 31-03-2020 |
| ശ്രീമതി.പ്രേമലത.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 06-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 20-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-11-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-11-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Usha.A (Asst. Audit Officer, On 22-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 22-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-11-2021) | 1-7 |
| 9 | വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-10-2021)<br>Last Updated By: Lathavani (Audit Officer, On 01-12-2021) | 1-7-1 |
| 10 | വിധവ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-10-2021)<br>Last Updated By: Lathavani (Audit Officer, On 01-12-2021) | 1-7-2 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: PRATHYOOSH S (Auditor, On 21-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-11-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-9 |
| 13 | കമ്മിറ്റി<br>Written By: Lathavani (Audit Officer, On 20-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-11-2021) | 1-10 |
| 14 | ഗ്രാമസഭ-<br>Written By: Lathavani (Audit Officer, On 20-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 29-11-2021) | 1-11 |
| 15 | സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല<br>Written By: PRATHYOOSH S (Auditor, On 20-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-12 |
| 16 | IKM-ന് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-13 |
| 17 | ക്ഷാമബത്ത കുടിശ്ശിക-NPS വിഹിതം ഒടുക്കിയില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 22-10-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | |
| 18 | വെറ്റിനറി സർജൻ - കന്നുകുട്ടി പരിപാലന പദ്ധതി -മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: PRATHYOOSH S (Auditor, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-15 |
| 19 | വെറ്റിനറി സർജൻ -പദ്ധതികളുടെ കൃത്യമായ മോണിറ്ററിങ് നടന്നിട്ടില്ല<br>Written By: PRATHYOOSH S (Auditor, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-16 |
| 20 | കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.<br>Written By: Usha.A (Asst. Audit Officer, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 1-17 |
| 21 | മരാമത്ത് പ്രവൃത്തികളിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഡിസ്പ്ലേ ബോർഡുകൾക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്തുന്നില്ല .<br>Written By: Usha.A (Asst. Audit Officer, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 1-18 |
| 22 | സ്വയം തൊഴിൽ സംരംഭങ്ങൾ- ആവശ്യമായ രേഖകളില്ല- ₹5,50,000തടസ്സപ്പെടുത്തുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 1-19 |
| 23 | ഹരിതപെരുമാറ്റച്ചട്ടസഹായ സംരംഭം-അപാകങ്ങൾ ₹150000 തടസ്സപ്പെടുത്തുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-20 |
| 24 | സാന്ത്വനപരിപാലനം-മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചതിന്റേയും തുക കൈമാറിയതിന്റേയും രേഖകളില്ല, ₹78048 തടസ്സപ്പെടുത്തുന്നു<br>Written By: Vipina Valsaraj (Senior Grade Auditor, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 1-21 |
| 25 | ബഡ്സ് സ്ക്കൂൾ ഉപകരണങ്ങൾ വാങ്ങൽ- രേഖകളുടെ അഭാവത്തിൽ ₹12,48,021--യുടെ ചെലവ് തടസ്സപ്പെടുത്തുന്നു .<br>Written By: Usha.A (Asst. Audit Officer, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 1-22 |
| 26 | ഇരുചക്ര വാഹന ധനസഹായം (എസ് സി)- മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചിട്ടില്ല.₹ 1,48,406 തടസ്സപ്പെടുത്തുന്നു .<br>Written By: Usha.A (Asst. Audit Officer, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-23 |
| 27 | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (എസ് സി)- കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 1-24 |
| 28 | എസ് സി കുടുംബങ്ങൾക്ക് സൗരറാന്തൽ- സബ്സിഡി നൽകുന്നതിൽ നിയന്ത്രണം പാലിച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 1-25 |
| 29 | | 1-26 |

| | | |
|---|---|---|
| | പിവിസി ടാങ്ക് വിതരണം (എസ് സി)- വികസനഫണ്ടിൽ നിന്നുള്ള അധിക ചെലവ് 3750 രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 21-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | |
| 30 | തൊഴിലുറപ്പ്പദ്ധതിയിൽ മെറ്റീറിയൽ പർച്ചേസ് ബില്ലിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല .<br>Written By: Usha.A (Asst. Audit Officer, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: P.S.Sabu (Deputy Director, On 01-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: Lathavani (Audit Officer, On 18-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം-<br>Written By: Lathavani (Audit Officer, On 18-10-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 25-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Usha.A (Asst. Audit Officer, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 22-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 26-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## 1-1 ബജറ്റ്

ബജറ്റ് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| ഭരണസമിതി തീരുമാനം നമ്പർ/തീയ്യതി | 26/19, Dt.25/02/2019 | |
| പുതുക്കിയ തീരുമാനം നമ്പർ, തീയ്യതി | 37/20 Dt.6/3/2020 | |
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം നമ്പർ/തീയ്യതി | 15/2019 Dt.22/02/2019 | |
| പുതുക്കിയതീരുമാനംനമ്പർ/തീയ്യതി | 19/2020 Dt.29/02/2020 | |
| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| മുന്നിരിപ്പ് | 9668007.54 | 19504233.05 |
| വരവ് | 125257050.00 | 121124242.00 |
| ആകെ | 134925057.54 | 140628475.05 |
| ചെലവ് | 130791579.00 | 135772227.00 |
| നീക്കിയിരിപ്പ് | 4133478.54 | 4856248.05 |

ഘടക സ്ഥാപനങ്ങൾ ബജറ്റ് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിലും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിലും, അംഗീകരിക്കുന്നതിലും ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിയ്ക്കുന്ന പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല . ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്ഥാപനമേധാവികളുടെ യോഗം വിളിച്ചു ചേർത്തതിന്റെ രേഖകൾ ലഭിച്ചിട്ടില്ല. എന്നാൽ കരട് /അന്തിമ ബജറ്റ് അംഗീകരിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും,ഭരണസമിതിയും സമയക്രമം പാലിച്ചിട്ടുണ്ട്. പെർഫോർമൻസ് ബജറ്റ് &ജെൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ട്.ഭരണ സമിതി മിനുട്ട്സിൽ പുതുക്കിയ ബജറ്റിലെ ആകെ വരവ് ,നീക്കിയിരിപ്പ് എന്നിവ ചേർത്തിരിക്കുന്നത് തെറ്റാണ് . ബജറ്റിലും ,ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്ട്സിലും തുക കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഭരണസമിതിയുടെ 18.05.2020 തീയതിയിലെ 62/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 25.05.2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യപത്രിക അപാകങ്ങൾ

വസ്തു നികുതി ഡിമാൻഡും കളക്ഷനും ബാലൻസും സഞ്ചയയും, സാംഖ്യയും തമ്മിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്ത് പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും, അഡ്ജസ്റ്റ്മെന്റ് ചെയ്ത് കഴിഞ്ഞ ബാക്കി തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| 2018-19 ലെ ബാലൻസ് ഷീറ്റ് – (B- 9 ഷെഡ്യൂൾ) വസ്തു നികുതി മുൻകൂർ | 2019-20 (RP-36ഷെഡ്യൂൾ) വസ്തു നികുതി മുൻകൂർ | 2019-20 ബുക്ക് അഡ്ജസ്റ്റ്മെന്റ് | 2019-20 ബാലൻസ് ഷീറ്റ്- വസ്തു നികുതി മുൻകൂർ (B- 9 ഷെഡ്യൂൾ) |
|---|---|---|---|
| 31,117.8 | 0 | 30,368 | 35764.8 |

2- B- 9 ഷെഡ്യൂളിലെ വസ്തു നികുതി അഡ്വാൻസ് കളക്ഷനേക്കാൾ (35764.80 രൂപ)കൂടുതലാണ് വസ്തു നികുതി സർവ്വീസ് സെസ്സ് അഡ്വാൻസ് കളക്ഷൻ (94334 രൂപ)

3-RP-38 ലെ ഫിക്സഡ് അസറ്റിൽ മൂവബിൾ അസറ്റ്- ഓഫീസ് എക്യൂപ്മെന്റ് &അദർ എക്യൂപ്മെന്റിലും , മൂവബിൾ അസറ്റ്-ഫർണ്ണിച്ചർ,ഫിക്സ്ച്ചേസ്, ഫിറ്റിംഗ്സ്& ഇലക്ട്രിക്കൽ അപ്ലൈയൻസസ് എന്നിവയിലും പി എച്ച് സിയിലേക്ക് കമ്പ്യൂട്ടർ, ലാപ്ടോപ്പ് ,പ്രിന്റർ വാങ്ങിക്കൽ (പ്രോജക്ട് -18/20) ആയുർവേദാശുപത്രിയിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് -123/20 , ഐ സി ഡി എസ് ഓഫീസിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങിക്കൽ (പ്രോജക്ട് -189/20) അംഗൻവാടിയിലേക്ക് ഫർണ്ണിച്ചർ അലമാര ,മേശ,കസേരഎന്നിവ വാങ്ങിക്കൽ (പ്രോജക്ട് -13/20 ) എന്നിവ ഉൾപ്പെട്ടിട്ടില്ല

4-ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

5-2017-18 ൽ ചെലവഴിക്കാത്ത ടി എസ് പി ഫണ്ട് തുക 10,996 തനത് ഫണ്ടിൽ നിന്നാണ് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചത്.

6-B- 18 ഷെഡ്യൂളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കുള്ള 3,93,363 മുൻകൂറിൽ 3,83,363 മാത്രമേ ഈ പദ്ധതിയിൽ ക്രമപ്പെടുത്തുവാനുള്ളൂ. 10,000/- രൂപയുടെ വിശദവിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല .

7-ഈ വർഷം ക്യൂബിൽ ആയ പ്രോജക്ടുകളുടെ ആകെ തുക 1,17,72,695/- രൂപ ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 2,85,90,600.99 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,38,09,687 |
| ആകെ | 7,24,00,287.99 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,48,03,472.00 |
| നീക്കിയിരിപ്പ് | 2,75,96,815.99 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,78,225.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂബിൽ തുക | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 11066000 | 11066000 | 10165440 | 900398 | 162 |
| വികസനഫണ്ട് എസ്.സി.പി | 0 | 1479000 | 1479000 | 1413372 | 65628 | 0 |
| മെയിന്റനൻസ്–റോഡ് | 0 | 7033000 | 7033000 | 2193374 | 4831899 | 7727 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്-നോൺറോഡ് | 0 | 3703000 | 3703000 | 2328101 | 1093239 | 281660 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8460086 | 8460086 | 3067018 | 4881531 | 511537 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |
| ഐസി ഡിഎസ് | 549104 | 466131 | 1015235 | 1004067 | - | 11168 |
| ടിഎസ് സി (ശുചിത്വ മിഷൻ ) | 638207 | | 638207 | 109800 | - | 528407 |
| എംപിഫണ്ട് | 10509 | 277 | 10786 | 10786 | - | 0 |
| എസ്.ജി. എസ്.വൈ. | 287232 | 0 | 287232 | 0 | - | 287232 |
| പി.എ.യു. ജില്ലാ പഞ്ചായത്ത് വിഹിതം | 39700 | 0 | 39700 | 0 | - | 39700 |
| ജലനിധി | 10000 | 0 | 10000 | 0 | - | 10000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് (കാപ്പിറ്റ) | 5907021 | 0 | 5907021 | 0 | - | 5907021 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് (കുടുംബശ്രീ) | 1250000 | - | 1250000 | 1248021 | - | 1979 |
| വിമുക്തി | 27390 | | 27390 | 3880 | | 23510 |
| ആശ്രയചലഞ്ച് അഗതിരഹിത കേരളം | 30732 | 300528 | 331260 | 300528 | - | 30732 |
| കേരളോത്സവം | - | 20000 | 20000 | 20000 | - | 0 |
| സാക്ഷരത | 11693.14 | 396 | 12089.14 | - | - | 12089.14 |
| എം.എൻ.ആർ. ഇ.ജി.എസ്. ബോണസ് | | 361000 | 361000 | 361000 | - | 0 |
| നിർമ്മൽ പുരസ്കാർ | 40790 | 0 | 40790 | 0 | - | 40790 |
| ശുചിത്വം | 235978 | 0 | 235978 | 0 | - | 235978 |

ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇവ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. മേൽ പറഞ്ഞ കണക്കുകൾ തയ്യാറാക്കിയത് പഞ്ചായത്തിലെ രജിസ്റ്ററും അനുബന്ധ രേഖകളും അടിസ്ഥാനമാക്കിയാണ്. മെയിന്റനൻസ് ഗ്രാന്റ് -റോഡ് , റോഡിതരം, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് എന്നിവ യഥാക്രമം 31%,47%,36% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. സാക്ഷരത, ദുരിതാശ്വാസനിധി എന്നിവയിൽ പലിശ മാത്രമേ വരവുള്ളൂ. മുൻവർഷങ്ങളിൽ നീക്കിയിരിപ്പായി തുടരുന്ന ചില ഇനങ്ങൾ ഈ വർഷവും വിനിയോഗിച്ചിട്ടില്ല. തുക വിനിയോഗിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവഴിച്ച തുക | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 161 | 113 | 8,52,92,779 | 113 | 0 | 48 | 3,12,75,048 | 70.18 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷിഓഫീസർ | 7 | 17,72,263 | 6 | 11,63,219 | 65.63 |
| 2 | വെറ്റിനറി സർജൻ | 8 | 23,61,500 | 8 | 11,84,846 | 50.17 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 12 | 28,84,619 | 10 | 23,15,159 | 80.25 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3,57,000 | 3 | 3,49,600 | 97.92 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഒളവിലം) | 10 | 22,39,040 | 10 | 20,23,300 | 90.36 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നിടുമ്പ്രം) | 10 | 47,47,800 | 8 | 23,65,470 | 49.82 |
| 7 | ഐ.സി. ഡി.എസ് സൂപ്പർ വൈസർ | 11 | 48,57,028 | 11 | 43,30,778 | 89.16 |
| 8 | സെക്രട്ടറി | 39 | 3,20,09,636 | 19 | 48,77,459 | 15.23 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 45 | 2,86,17,656 | 22 | 86,53,217 | 30.23 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 16 | 54,46,237 | 16 | 40,12,000 | 73.66 |
| | ആകെ | 161 | 8,52,92,779 | 113 | 3,12,75,048 | 36.66 |

തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം – 113 എന്നും, ഭാഗികമായി നടപ്പിലാക്കിയ പദ്ധതികൾ ഒന്നും ഇല്ല എന്നുമാണ് പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയത്. ആയത് ശരിയല്ല. ഉദാഹരണത്തിന് വെറ്റിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കോഴി വിതരണം,പാലിന് സബ്സിഡി എന്നിവ തൻവർഷം പൂർത്തിയാക്കിയിട്ടില്ല. 2020-21 ൽ ഈ പ്രോജക്ടുകൾ സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ട്. ഈ

വിധത്തിലുള്ള പ്രോജക്ടുകൾ ഏതെല്ലാമെന്ന് പരിശോധിച്ച് കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്. സെക്രട്ടറി , അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പദ്ധതി നിർവ്വഹണം, ചെലവ് ശതമാനം വളരെ കുറവാണ്.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ സ്ഥലമെടുപ്പ് പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും ഈ വർഷം നടപ്പിലാക്കിയിട്ടില്ല .

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | | 16186132.00 | 16186132.00 | 16186132.00 | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2752.35 | 568650.00 | 571402.35 | 566610.00 | 4792.35 |
| ആകെ | 2752.35 | 16754782.00 | 16757534.35 | 16752742.00 | 4792.35 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 583200 | 173 |
| വിധവാപെൻഷൻ | 3305400 | 971 |
| വാർദ്ധക്യകാലപെൻഷൻ | 1211400 | 2098 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 1088700 | 307 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 609600 | 173 |
| വിവാഹധനസഹായം | 210000 | 7 |

## 1-7-1 വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| ലക്ഷ്മി.കെ.കെ | 468825384043 | 111500201754 | 25.1.2019 | 4/19 വരെ അക്കൗണ്ടിൽ നിക്ഷേപിച്ചു |
| കുഞ്ഞിക്കദിയ കോഴിക്കോട് (ചെക്യാട്ട് ഗ്രാമ പഞ്ചായത്ത്) | 255525854426 | 109980200429 | 9.2.2019 | 7/19 വരെ അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ആയിഷ .കെ | 640174740238 | 111500202276 | 22.2.2019 | 4/19 വരെ അക്കൗണ്ടിൽ നിക്ഷേപിച്ചു |

| | | | | |
|---|---|---|---|---|
| കതീശ.കെ | 253159643992 | 111500200761 | 13.3.2019 | 7/19 വരെ അക്കൗണ്ടിൽ നിക്ഷേപിച്ചു |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടോയെന്നും അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26 തീയതി 20.10.2021) തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മരണം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് പെൻഷൻ സസ്പെൻഡ് ചെയ്യുന്നുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മരണം റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഫീൽഡ്തല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമല്ല. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7-2 വിധവ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ചൊക്ലി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന വിധവ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| റസിയ.എം | 814498516399 | 111500600837 | 22.3.2019 | 4/19 വരെ നിക്ഷേപിച്ചു |
| ബിയ്യാത്തു (കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്ത് ) | 849122218365 | 111590202386 | 19.3.2019 | 7/19 വരെ നിക്ഷേപിച്ചു |
| റാബിയ.പി.ടി.കെ | 717298035268 | 111500600894 | 22.3.2019 | 4/19 വരെ നിക്ഷേപിച്ചു |
| കാർത്ത്യായാനി പി കെ (അഴിയൂർ ഗ്രാമ പഞ്ചായത്ത് ) | 848503513105 | 109940600158 | 22.4.2019 | 7/19 വരെ നിക്ഷേപിച്ചു |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടോയെന്നും അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 26 തീയതി 20.10.2021) തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-10-2021 തീയതിയിൽ 2.55 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 12298യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

2019-20 വർഷം 4/19 ൽ സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടില്ല. ബാക്കി എല്ലാ മാസങ്ങളിലും യോഗം ചേർന്ന് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ യഥാസമയങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും സമഗ്ര ജോലി വിഭജനം ഇക്കാലയളവിൽ പുറപ്പെടുവിച്ചിട്ടില്ല. ഓഫീസിന്റെ സേവന നിലവാരവും ,ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനായി തീരുമാനിക്കുകയും മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്. 16-ാം വാർഡിലെ ടാപ്പുകൾക്ക് വെള്ളക്കരം അടയ്ക്കുന്നതിനാൽ, ടാപ്പുകൾ പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച സംയുക്ത പരിശോധന നടത്താൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യുന്നുണ്ട്. പെൻഷൻ വിതരണം ചെയ്യുന്ന സമയത്ത് ആവശ്യമായ പരിശോധന നടത്തി മരണപ്പെട്ടവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണ്.

## 1-10 കമ്മിറ്റി

ആസൂത്രണ സമിതിയിൽ 19 പേർ ഉൾപ്പെട്ടിട്ടുണ്ട്. 2019-20 വർഷം സമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 2019-20 വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി 14.11.2018ൽ യോഗം ചേർന്നിട്ടുണ്ട്. 18.1.2019ൽ വീണ്ടും യോഗം ചേർന്നിട്ടുണ്ട്. എന്നാൽ തീരുമാനങ്ങൾ പൂർണ്ണമാക്കുകയോ, അവ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പ്-13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗം 3ൽ കുറയാതെ കൂടിയിട്ടുണ്ട്.

സ്റ്റിയറിംഗ് കമ്മിറ്റി - 4/19 ൽ മാത്രം ചേർന്നിട്ടില്ല. യോഗ മിനുട്ട്സ് കൃത്യമായി എഴുതിയിട്ടുണ്ട്.

## 1-11 ഗ്രാമസഭ-

2019-20 വർഷം 4 തവണ വീതം ഗ്രാമസഭകൾ കൂടിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭ അജണ്ടയിലെ ഒരിനമായി വെക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരുടെ മേൽവിലാസം ചേർക്കുന്നില്ല. ചില വാർഡിലെ യോഗങ്ങളിലെ തീരുമാനങ്ങൾ രേഖപ്പെടുത്താതെയും സാക്ഷ്യപ്പെടുത്താതെയും അപൂർണ്ണമാണ്. ഗ്രാമസഭകളിൽ നിശ്ചിത ക്വാറം തികയുന്നുണ്ട്.

## 1-12 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കുന്നില്ല

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു.

2019-20 സാമ്പത്തിക വർഷത്തെ ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കണക്കാക്കി രേഖപ്പെടുത്തിയിരുന്നില്ല . ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ | നിശ്ചയിച്ച ഫീ |
|---|---|---|---|---|
| 1 | ശ്രീ അയ്യപ്പൻ | ദിവ്യ .ടി .എൻ | 8/504 | 400 |
| 2 | ഗോൾഡൻ ഡ്രൈ ഫ്രൂട്ട്സ്& സ്നാക്സ് | മുഹമ്മദ് സാബിർ | 2/497 | 400 |
| 3 | ജെ ആർ ക്രീയേറ്റീവ് സ്റ്റുഡിയോ | ജോബിൻ രാജ് ജെ. എസ് | 4/54F | 200 |
| | | | | |

| | | | | |
|---|---|---|---|---|
| 4 | പവിത്രൻ സ്റ്റോർ | പവിത്രൻ.കെ.പി. | 9/252 | 200 |
| 5 | തച്ചിൽ പീടിക | വിജയൻ ടി | 11/85 | 400 |

ഒട്ടുമിക്ക അപേക്ഷകളും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിരുന്നില്ല . സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ നിശ്ചയിച്ചതിന്റെ അടിസ്ഥാനമെന്തെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 19/12.10.2021 മുഖേന അന്വേഷിച്ചപ്പോൾ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ലൈസൻസ് ഫീ നിശ്ചയിച്ചതെന്നും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൽ ചേർക്കാൻ വിട്ടു പോയതാണെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. സാക്ഷ്യപ്പെടുത്താൻ വിട്ടുപോയ അപേക്ഷകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 IKM-ന് വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 26/20 |
| പ്രൊജക്ടിന്റെ പേര് | ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | ₹52508 (വികസന ഫണ്ട്) |
| ചെലവ് | ₹52508 (വികസന ഫണ്ട്) |
| ബിൽ നം/തിയതി/തുക | 19220352009100498930/26.08.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ചൊക്ലി ഗ്രാമപഞ്ചായത്ത്. |

2019-20 സാമ്പത്തികവർഷം ചൊക്ലി ഗ്രാമപഞ്ചായത്ത് വിഹിതമായി ₹52508 വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ഐ.കെ.എം.ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. (ഓഡിറ്റ്എൻക്വയറി നമ്പർ 22/16.10.21) ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-14 ക്ഷാമബത്ത കുടിശ്ശിക-NPS വിഹിതം ഒടുക്കിയില്ല

G.O.(P)No.44/2019/Fin. Dt.04.04.2019 പ്രകാരം അനുവദിച്ച 01.01.2018 മുതൽ 30.04.19 വരെയുള്ള ക്ഷാമബത്ത കുടിശ്ശികയിനത്തിൽ വൗച്ചർ നം. 21900100/17.05.19 പ്രകാരം 2,12,649/- രൂപ പിൻവലിച്ച് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പങ്കാളിത്ത പെൻഷൻ ബാധകമായിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരിൽ നിന്നും ക്ഷാമബത്ത കുടിശ്ശികയുടെ 10% ഈടാക്കി NPS അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.

| ക്രമ നം. | പേര് / തസ്തിക | അനുവദിച്ച ക്ഷാമബത്ത കുടിശ്ശിക രൂപ | ഈടാക്കേണ്ട പെൻഷൻ വിഹിതം രൂപ |
|---|---|---|---|
| 1 | ശ്രീ റസീന രവീന്ദ്രൻ, | 13188 | 1318 |
| 2 | ശ്രീ സമീമ എൻ, ക്ലർക്ക് | 13188 | 1318 |

ആയത് ഒടുക്കിയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/20.10.2021ന് വിഹിതം ഒടുക്കിയിട്ടില്ലെന്നും ഒടുക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്ത് വിഹിതം ഉൾപ്പെടെയുള്ള തുക ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വെറ്റിനറി സർജൻ - കന്നുകുട്ടി പരിപാലന പദ്ധതി -മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്ടിന്റെ പേര് &നം | കന്നുകുട്ടി പരിപാലന പദ്ധതി-45/20 |
| അടങ്കൽ | 62,500/- ( വികസന ഫണ്ട്-പൊതു വിഭാഗം )<br>62,500/- (സംസ്ഥാനവിഷ്കൃത പരിപാടി ) |

| | |
|---|---|
| | 1,25,000/- (ഗുണഭോക്തൃ വിഹിതം -നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് | 62,500 (വികസന ഫണ്ട്) |
| ബിൽ നം. & തീയതി | 192203520135006827 67 -11.10.2019 |

2019-20 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഭാഗമായി 10 ക്ഷീര കർഷകർക്കുള്ള പഞ്ചായത്ത് വിഹിതമായി 62500/- രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറുടെ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 47015.50/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയായ 15484.50 രൂപ ചെലവഴിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-16 വെറ്റിനറി സർജൻ -പദ്ധതികളുടെ കൃത്യമായ മോണിറ്ററിങ് നടന്നിട്ടില്ല

വെറ്റിനറി സർജൻ 2019 -20 സാമ്പത്തിക വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയിലും കൃത്യമായ മോണിറ്ററിംഗ് നടന്നിട്ടില്ല. പദ്ധതിയുടെ കൃത്യമായ അവലോകനത്തിലൂടെ മാത്രമേ പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ് . ഒരു പദ്ധതിയുടെ പൂർണ വിജയം എന്നത് ആ പദ്ധതിയിൽ നിന്നും വികസനോന്മുഖവും ഗുണകരവുമായ മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഉണ്ടാവുമ്പോഴാണ്. എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങളെ വിശകലനം ചെയ്യുന്ന യാതൊരുവിധ മോണിറ്ററിംഗ് റിപ്പോർട്ടുകളും ഓഡിറ്റിൽ ലഭ്യമായിട്ടില്ല. പദ്ധതികളും അവയുടെ വികസന നേട്ടങ്ങളും വിശകലനം ചെയ്താൽ മാത്രമേ പിന്നീട് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നും ഏത് രീതിയിലാണ് പദ്ധതി നടപ്പിലാക്കേണ്ടതെന്നും തിരിച്ചറിയാൻ സാധിക്കുകയുള്ളൂ.ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് അവ കൃത്യമായി വിശകലനം ചെയ്യുകയും മോണിറ്ററിംഗ് നടത്തി പദ്ധതികളുടെ വിജയം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതുണ്ട് .

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ ) നം ത സ്വ ഭ വ 11/2018 തീയതി 29.1.2018 ഖ- 13 ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച നടപടി ക്രമങ്ങളും അവയുടെ വിശദാംശങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-17 കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന റോഡ് പ്രവൃത്തികൾ കരാർ കാലാവധിക്കു ശേഷം പൂർത്തിയാക്കിയിട്ടും പിഴ ഈടാക്കാതെ തുക അനുവദിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം | 116/20 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | പെട്ടിപ്പാലം വട്ടപറമ്പ് റോഡ് റീ ടാറിങ്ങ് |
| കരാറുകാരൻ | സി. ടി സുരേഷ് ബാബു |
| അടങ്കൽ | ₹1059000 |
| ആകെ ചെലവ് | ₹1049804 |
| ആകെ പ്രവൃത്തിമൂല്യം | 1049804 |
| കരാർ തുക ,കരാർ തീയ്യതി | 1058209.60 , AEC/12/18-19, 01.10.2018 |
| അനുവദിച്ച സമയം | 4 മാസം (31.01.2019) |
| പൂർത്തീകരിച്ച തീയ്യതി | 07.03.2019 |
| എം ബുക്ക് നമ്പർ | 17/18-19 |

2)

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം | 147/20 (സ്പിൽ ഓവർ) |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ടാക്സി സ്റ്റാൻഡ് റോഡ് മെയിന്റനൻസ് |
| കരാറുകാരൻ | റീജിൻ എം.എം |
| അടങ്കൽ | ₹391000 മെയിന്റനൻസ് ഫണ്ട് (റോഡ്) |
| ആകെ ചെലവ് | ₹382708 |
| ആകെ പ്രവൃത്തിമൂല്യം (എം ബുക്ക് പ്രകാരം) | 407924 |
| ടെണ്ടർ കുറവ്-6.29 % കഴിച്ചുള്ള തുക | 382266 |
| കരാർ തുക ,കരാർ തീയ്യതി | 416642 , AEC/06/18-19, 04.09.2018 |
| അനുവദിച്ച സമയം | 4 മാസം (03.01.2019) |
| പൂർത്തീകരിച്ച തീയ്യതി | 25 .03. 2019 |
| എം ബുക്ക് നമ്പർ | 9/18-19 |

2012 ലെ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല.

ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ ആദ്യ 25% കരാർതുകയുടെ 1% പിഴയും അടുത്ത 25% ന് കരാർതുകയുടെ 2% പിഴയും ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം പിഴ ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയത്.

പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ രേഖാമൂലം അപേക്ഷ നൽകിയതായോ ദീർഘീകരണത്തിന് അനുമതി നൽകിയതായോ കാണുന്നില്ല. പ്രവൃത്തിക്ക് കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ എ.സി.2/223/2015/തസ്വഭവ തീയതി 18.08.2018-ാം നമ്പർ സർക്കുലറിൽ പഞ്ചായത്തുകളിലെ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കരാറുകളുടെ ലംഘനമുണ്ടായാൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15തീയ്യതി :11-10-2021) സമർപ്പിച്ച മറുപടിയിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുന്ന കാര്യം ശ്രദ്ധിക്കുന്നതാണെന്നും കാലതാമസം വരുത്തിയ മേൽ പ്രവൃത്തികളിൽ നിന്നും ഈടാക്കേണ്ട പിഴ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും പി.ഡബ്ല്യു.ഡി. മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സർക്കുലർ എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് നിയമാനുസൃത പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 മരാമത്ത് പ്രവൃത്തികളിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഡിസ്പ്ലേ ബോർഡുകൾക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്തുന്നില്ല .

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ വാർഷിക പദ്ധതി (സ.ഉ(കൈ)നം.11/2018/തസ്വഭവ,തീ-29.01.2018) മാർഗ്ഗരേഖയിലെ 13.5 പ്രകാരം പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ ബോർഡുകളിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ്പ്ലേ ബോർഡുകൾ ക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ2019-20 ൽ നടപ്പാക്കിയ മിക്ക പ്രവൃത്തികളുടെ എസ്റ്റിമേറ്റിലും ഡിസ്പ്ലേ ബോർഡുകൾക്ക് തുക വകയിരുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/ 19-20, 13.10.21) ഇത്തരം കാര്യങ്ങളിൽ വീഴ്ച സംഭവിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയത്. വിവരങ്ങൾ രേഖപ്പെടുത്തുന്ന ഡിസ്പ്ലേ ബോർഡുകൾക്ക് എസ്റ്റിമേറ്റിൽ തുക വകയിരുത്തുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

## 1-19 സ്വയം തൊഴിൽ സംരംഭങ്ങൾ- ആവശ്യമായ രേഖകളില്ല-₹5,50,000തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം നടപ്പിലാക്കിയ സ്വയം തൊഴിൽ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ക്രമ നം 1 | പദ്ധതിയുടെ പേര് | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം |
| | പ്രോജക്ട് നം | 90/2020 |
| | അടങ്കൽ | 300000 (150,000/-വികസനഫണ്ട് 150,000/-വായ്പ) |
| | നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ(ഒളവിലം) |
| | ചെലവ് | ₹150,000 |
| | ബിൽനം/തീയതി | BRN1922035200960076288O/31.10.19 |
| ക്രമ നം 2 | പദ്ധതിയുടെ പേര് | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം(SC) |
| | പ്രോജക്ട് നം | 92/2020 |
| | അടങ്കൽ | 400000<br>( 181,900/- വികസനഫണ്ട് (SCP)<br>18,100/-തനത് ഫണ്ട്,<br>2,00,000 ഗുണഭോക്തൃവിഹിതം) |
| | നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ(ഒളവിലം) |
| | ചെലവ് | 2,00,000 |
| | ബിൽ/ചെക്ക് നം. തീയതി | BRN19220352009601013444/30.12.19: ₹81,900/-<br>BRN1922035200960076289O/31.10.19:₹1,00,000/-<br>₹18,100 തനത് ഫണ്ട് 5022055/31.12.19 |
| ക്രമ നം 3 | പദ്ധതിയുടെ പേര് | വനിതകൾക്ക് സ്വയംതൊഴിൽ (SC)ഡി.ടി.പി സെന്റർ |
| | പ്രോജക്ട് നം | 87/2020 |
| | അടങ്കൽ | 300000(₹150,000വികസനഫണ്ട്(SCP) ₹1,50,000ഗുണഭോക്തൃവിഹിതം) |
| | നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ (ഒളവിലം) |
| | ചെലവ് | ₹150,000 |
| | ബിൽനം | BRN19220352009601013449/30.12.19:1,00,000<br>BRN19220352009601180495/30.01.20:50,000/- |
| ക്രമ നം 4 | പദ്ധതിയുടെ പേര് | പ്ലാസ്റ്റിക് ബദൽ ഉൽപന്നങ്ങളുടെ നിർമ്മാണം-സംരംഭങ്ങൾ) |
| | പ്രോജക്ട് നം | 187/2020 |
| | അടങ്കൽ | ₹100000<br>(₹50,000 വികസനഫണ്ട്<br>₹50,000ഗുണഭോക്തൃവിഹിതം) |
| | നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ (ഒളവിലം) |
| | ചെലവ് | ₹50,000 |
| | ബിൽനം | BRN19220352009601180499/30.01.2020 |

മേൽ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ട വിവരങ്ങളും രേഖകളും എന്തൊക്കെയെന്ന് താഴെ കൊടുക്കുന്നു.

**ക്രമ നമ്പർ 1**

ചൊക്ലി ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ 5 വനിതകൾക്ക് സ്വയംതൊഴിലിനായി ഗ്രൂപ്പ് രൂപീകരിച്ച് കാറ്ററിങ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡിയായി ₹1,50,000 നൽകുന്നതിനുവേണ്ടിയുള്ളതാണ് പദ്ധതി. പ്രോജക്ട് റിപ്പോർട്ട് പ്രകാരം തട്ടുകടയാണ് ആരംഭിക്കുന്നത്. 26.11.19ന് സബ്സിഡി തുക ബാങ്കിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമല്ല. വായ്പ അനുവദിച്ചെങ്കിൽ വായ്പതുകക്ക് മാത്രമാണ് ബാങ്ക് പലിശ ഈടാക്കുന്നത് എന്ന് ഉറപ്പ് വരുത്തിയിട്ടുള്ളതായി കാണുന്നില്ല. തട്ടുകട പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും തെളിയിക്കുന്ന രേഖകളില്ല. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽനിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പുവരുത്തിയിട്ടില്ല. ആയതിനാൽ ₹1,50,000 തടസ്സപ്പെടുത്തുന്നു.

**ക്രമ നമ്പർ 2**

ചൊക്ലി ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ 4 SC വനിതകൾക്ക് സ്വയംതൊഴിലിനായി വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഒരാൾക്ക് 50,000രൂപ വീതം ₹2,00,000 സബ്സിഡിയായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ പേരും അവർ ആരംഭിക്കാനുദ്ദേശിക്കുന്ന തൊഴിലും (ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം)താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ചെയ്യാനുദ്ദേശിക്കുന്ന തൊഴിൽ |
|---|---|---|
| 1 | പുഷ്പലത | പ്രിന്റിങ് പ്രസ്സ് |
| 2 | റോജ പി.പി | കറിപൗഡർ വിൽക്കുന്ന സ്ഥാപനം |
| 3 | സുജാത ടി.പി | പലഹാരനിർമ്മാണം |
| 4 | ജിൻഷ ജെ | പലഹാരനിർമ്മാണം |

പദ്ധതിപ്രകാരം 4 വനിതകൾ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമല്ല. വായ്പാബന്ധിത പ്രോജക്ടാണെങ്കിൽ അതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല. സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽനിന്നോ കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചിട്ടില്ല എന്നുറപ്പുവരുത്തിയിട്ടില്ല. ആയതിനാൽ ₹2,00,000 തടസ്സപ്പെടുത്തുന്നു.

**ക്രമ നമ്പർ 3**

ചൊക്ലി ഗ്രാമപഞ്ചായത്തിലെ തൊഴിൽരഹിതരായ 3 SC വനിതകൾക്ക് സ്വയംതൊഴിലിനായി ഡി.ടി.പി സെന്റർ ആരംഭിക്കുന്നതിനായി ഒരാൾക്ക് 50,000രൂപ വീതം ₹1,50,000 സബ്സിഡി അനുവദിക്കുന്നു. 3 വനിതകൾ ഗ്രൂപ്പ് സംരംഭമായാണോ അതോ വ്യക്തിഗതമായാണോ സംരംഭം ആരംഭിച്ചതെന്നത് ഫയലിൽ നിന്നും വ്യക്തമല്ല. സ്ഥാപനത്തിന്റെ പേരിൽ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. വായ്പാബന്ധിത പ്രോജക്ടാണോഎന്ന കാര്യം വ്യക്തമല്ല. ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമല്ല. സബ്സിഡി ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായതിന്റെ രേഖകളില്ല. ചെലവ് രേഖകളില്ല. ഡി.ടി.പി സെന്റർ പ്രവർത്തനം ആരംഭിച്ചോ എന്നും നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും തെളിയിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ₹1,50,000 തടസ്സപ്പെടുത്തുന്നു.

**ക്രമ നമ്പർ 4**

ഒരു ഗുണഭോക്താവിന് തുണിസഞ്ചി നിർമ്മാണയൂണിറ്റ് തുടങ്ങുന്നതിനായി ₹50000 അനുവദിച്ചതായാണ് കാണുന്നത്. തുക കൈമാറിയതിന്റെ രേഖകളില്ല. വായ്പാബന്ധിത പ്രോജക്ടാണോഎന്ന് വ്യക്തമല്ല. ബാങ്ക് വായ്പ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമല്ല. നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/11.10.2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹50,000 തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനായി ആരംഭിച്ച മേൽ പദ്ധതികളുടെയൊന്നും മോണിറ്ററിംഗ് നടന്നിട്ടില്ല.

## 1-20 ഹരിതപെരുമാറ്റച്ചട്ടസഹായ സംരംഭം-അപാകങ്ങൾ ₹150000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഹരിതപെരുമാറ്റച്ചട്ടസഹായ സംരംഭം |
| പ്രോജക്ട് നം | 44/2020 |
| അടങ്കൽ | 300000( 150,000/- വികസനഫണ്ട് 150,000/-ഗുണഭോക്തൃവിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ (ഒളവിലം) |
| ചെലവ് | ₹1,50,000 |
| ബിൽനം | BRN19220352009600762896/31.10.19 |

ഹരിതപെരുമാറ്റച്ചട്ടസഹായ സംരംഭം എന്ന സ്വയംതൊഴിൽ സംരംഭ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ നടക്കുന്ന കല്യാണങ്ങൾ,ആഘോഷങ്ങൾ, പൊതുപരിപാടികൾ തുടങ്ങിയവയിൽ ഹരിതപെരുമാറ്റച്ചട്ടം പാലിക്കുന്നതിന് ആവശ്യമായ വസ്തുക്കൾ കുറഞ്ഞ നിരക്കിൽനൽകുന്നതിനുള്ള കേന്ദ്രം ആരംഭിക്കുന്നു.കല്യാണം പോലുള്ള പരിപാടികൾക്ക് കാറ്ററിങ് ടീമിനെ സജ്ജീകരിക്കുന്നതിനും ഹരിതപെരുമാറ്റച്ചട്ടം നടപ്പിലാക്കാൻ ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. ഇതിനായി ₹150,000കേരള ഗ്രാമീൺ ബാങ്കിന്റെ ലോൺ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ ചെലവിന് നിദാനമായ രേഖകൾ ഫയലിൽ ലഭ്യമല്ല. സംരംഭകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നും നിലവിൽ പ്രവർത്തിക്കുന്നുണ്ടോഎന്നുമുള്ള വിവരമില്ല. പദ്ധതി മോണിട്ടറിങ് നടത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/11.10.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ 1,50,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-21 സാന്ത്വനപരിപാലനം-മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചതിന്റേയും തുക കൈമാറിയതിന്റേയും രേഖകളില്ല, ₹78048 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രോജക്ടിന്റെ നമ്പരും പേരും | 4/20 സാന്ത്വനപരിചരണം |
| അടങ്കൽ | ₹427146 വികസനഫണ്ട്<br>₹72854 തനത് ഫണ്ട്<br>₹100000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹100000 ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | ₹ 427146 വികസനഫണ്ട്<br>₹72760 തനത് ഫണ്ട്<br>₹99948 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

മേൽ പ്രോജക്ടിന്റെ ഭാഗമായി ₹78048 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) TSB Cheque Number 5022022/04.02.2020 മുഖേന സെക്രട്ടറി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ₹28187,₹49861 എന്നീ തുകകൾക്കുള്ള ഉപകരണങ്ങളുടെയും മരുന്നിന്റെയും പ്രോഫോർമ ഇൻവോയ്സുകൾ KMSCL താഴെ പറയും പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ&തീയ്യതി | വിതരണം ചെയ്യുന്ന സാധനങ്ങൾ |
|---|---|
| പ്രോഫോർമ ഇൻവോയ്സ് നമ്പർPRF 3562/30.12.19<br>₹28187 | Airbed - 5<br>Walker -3<br>Wheel Chair -3<br>Walking Cane -3 |
| പ്രോഫോർമ ഇൻവോയ്സ് നമ്പർPRF 3578/30.12.19<br>₹49861 | Erythropoietin 4000 IU-236numbers |

എന്നാൽ ഇവയൊന്നും തന്നെ ലഭ്യമായതായി കാണുന്നില്ല. ₹78048 KMSCL ന് കൈമാറിയതായും കാണുന്നില്ല. ചെലവ് രേഖകൾ ലഭ്യമല്ലാത്തതിനാൽ ₹78048 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ- രേഖകളുടെ അഭാവത്തിൽ ₹12,48,021--യുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ | 159 /2019-2020 |
| പ്രൊജക്റ്റിന്റെ പേര് | ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | ₹ 1250000 മറ്റുള്ളവ<br>(കുടുംബശ്രീ ജില്ലാ മിഷൻ) |
| ആകെ | ₹ 1250000 |
| ചെലവ് തുക | ₹ 1248021 (NEFT )<br>ചെക്ക്നം-6461730dt21.1.2020- ₹499840<br>ചെക്ക്നം-6461733dt22.2.2020-₹2,48,341<br>ചെക്ക്നം-5022053dt10.12.2019<br>₹4,99,840 |

ബുദ്ധിപരമായി പിന്നോക്കം നിൽക്കുന്നവരെ സമൂഹത്തിന്റെ മുൻ നിരയിലെത്തിക്കണമെന്ന ഉദ്ദേശ്യത്തോടെ ബഡ്സ് സ്കൂളിലെ സെൻസറിങ്ങ് റൂം സെറ്റ് ചെയ്യുന്നതിനും അതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച 12,50,000 രൂപ വകയിരുത്തിയാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത് . KELTRON അയച്ചുതന്ന പ്രപ്പോസൽ പ്രകാരം 26 ഇനം ഉപകരണങ്ങൾ (നം. KCA/PPD/BUD/19-20/P15/01 , 23-09-2019 ) വാങ്ങുന്നതിന് കരാർ വെക്കുകയും ആയത് പ്രകാരം KELTRON ന് 12,48,021 രൂപ നൽകുകയും ചെയ്തു (എക്കൗണ്ട് നമ്പർ- 30349023542 ).

താഴെ പറയുന്ന ഇൻവോയ്സുകൾ പ്രകാരം 7,48,180 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് KELTRON ലഭ്യമാക്കിയിരിക്കുന്നത് (കെൽട്രോണിന്റെ Price Schedule ക്രമ നമ്പർ-17 മുതൽ 26 വരെ) .

ഇൻവോയ്സ് നമ്പർ-PR/ 60/19-20/21.01.2020 - ₹1,21,081

ഇൻവോയ്സ് നമ്പർ-PR/ 61/19-20/21.01.2020 - ₹3,97,950

ഇൻവോയ്സ് നമ്പർ-PR/ 62/19-20/21.01.2020 - ₹1,58,592

ഇൻവോയ്സ് നമ്പർ-PR/ 63/19-20/21.01.2020 - ₹70,557

ആകെ - ₹7,48,180

ബാക്കി തുകയായ 4,99,841 രൂപയുടെ ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ--1/3.10.21) ലോക്ക്ഡൗൺ കാരണം കെൽട്രോണിൽ നിന്നും ഉപകരണങ്ങൾ ലഭിക്കുന്നതിനു കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും ആവശ്യപ്പെട്ട എല്ലാ ഉപകരണങ്ങളും ലഭിച്ചിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ പറയുന്നത്. എന്നാൽ 4,99,841 രൂപയുടെ ഇൻവോയ്സുകൾ ഫയലിൽ ലഭ്യമല്ല . മറുപടിയുടെ ആധികാരികത ഉറപ്പാക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല . സ്റ്റോക്ക് രജിസ്റ്ററിൽ പ്രൈസ് ഷെഡ്യൂൾ പകർത്തി വെച്ചതല്ലാതെ ഇൻവോയ്സ് നമ്പറോ തീയതിയോ ഒന്നും രേഖപ്പെടുത്തിയിട്ടില്ല . ലഭിച്ച ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ തുക 7,48,180 രൂപയും, ഇൻവോയ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ 499841 രൂപയും (ആകെ ₹ 1248021) തടസ്സത്തിൽ വെക്കുന്നു.

## 1-23 ഇരുചക്ര വാഹന ധനസഹായം (എസ് സി)-മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചിട്ടില്ല.₹ 1,48,406 തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ | 119 /2019-2020 (സ്പിൽ ഓവർ) |
| പ്രൊജക്റ്റിന്റെ പേര് | ഇരുചക്ര വാഹന ധനസഹായം (എസ് സി) |
| അടങ്കൽ | ₹ 148406 വികസനഫണ്ട് |

| | |
|---|---|
| | (എസ് സി പി ) |
| ആകെ | ₹ 148406 |
| ചെലവ് തുക | ₹ 148406 വികസന ഫണ്ട് (എസ് സി പി )<br>ബിൽ നമ്പർ-10/19-20, 21-08-19 |

2018-19 വാർഷിക പദ്ധതിയിൽ 01/19 നമ്പരായി അംഗീകാരം ലഭിച്ച് സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയാണിത്. തൊഴിൽ രഹിതരായ പട്ടിക ജാതി യുവതി / യുവാക്കൾക്ക് ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നതിന് വാഹനത്തിന്റെ 50% വില സബ്സിഡി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. മേൽ കാണിച്ച ബിൽ പ്രകാരം മാറിയ തുക 5 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനു വേണ്ടിയാണ് വിനിയോഗിച്ചിരിക്കുന്നത് .

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/18 ലെ ഖണ്ഡിക 6.4.9 പ്രകാരം വാഹനം വാങ്ങിയ കടയുടെ ബാങ്ക് അക്കൗണ്ടിലേക്കോ വായ്പ എടുക്കുന്ന സംഗതിയിൽ വാഹന വായ്പ അക്കൗണ്ടിലേക്കോ ആയിരിക്കണം സബ്സിഡി തുക നൽകേണ്ടത് .ഗുണഭോക്താക്കൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തിയാണ് വാഹനം വാങ്ങിച്ചിരിയ്ക്കുന്നത് .എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ സേവിങ്സ് ബേങ്ക് അക്കൗണ്ടുകളിലേക്കാണ് ധനസഹായ തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ.

| വാർഡ് നമ്പർ | പേര് | സബ്സിഡി തുക | ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|
| 2 | വൈഷ്ണവ്.കെ | 29600 | 1045005004477 |
| 16 | രനോവ് | 36536 | 1045005004563 |
| 13 | രമ്യ. പി | 29000 | 1045005004493 |
| 12 | പ്രയാഗ് | 21770 | 1045005004560 |
| 11 | ശ്രീഷ്മ ആർ.പി | 31500 | 1045005003411 |

ഗുണഭോക്താക്കൾ ഇരുചക്ര വാഹനം ഉപയോഗിച്ച് സാധനങ്ങൾ വിൽപന നടത്തി ഉപജീവനം നടത്തുന്നവർ ആണെന്ന് വെള്ള കടലാസിൽ ഗുണഭോക്താക്കൾ തന്നെ എഴുതി ഒപ്പിടുക മാത്രമാണ് ചെയ്തിട്ടുള്ളത്. മറ്റു രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/3.10.21) നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ ബാങ്ക് മാനേജറുടെ നിർദ്ദേശാനുസരണം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ധനസഹായം നൽകുകയാണ് ചെയ്തത് എന്നാണ് അറിയിച്ചത്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിനാലും, ഇരുചക്ര വാഹനത്തിൽ നടത്തുന്ന ഉപജീവന മാർഗ്ഗത്തിന്റെ വിശദ വിവരം ലഭ്യമാക്കാത്തതിനാലും ₹ 148406 തടസ്സപ്പെടുത്തുന്നു.

## 1-24 പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (എസ് സി)- കെൽട്രോണിന് അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ | 16 /2019-2020 |
| പ്രൊജക്റ്റിന്റെ പേര് | പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (എസ് സി) |
| അടങ്കൽ | ₹ 208794വികസന ഫണ്ട് (എസ് സി പി )<br>₹ 24618 (തനത് ഫണ്ട് ) |
| ആകെ | ₹ 233412 |
| ചെലവ് തുക | ₹ 192423 വികസന ഫണ്ട് (എസ് സി പി )<br>ബിൽ നമ്പർ-20/19-20, 23-03-2020 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 6 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് . കെൽട്രോണിൽ നിന്നും ഇൻവോയ്സ് നമ്പർ -RV200105010586 ,10.02.21 പ്രകാരം 7 Lenovo ലാപ്പ് ടോപ്പുകൾ ( Mouse, Backpack ഉൾപ്പെടെ ) @ 26452 *7= 185164 വാങ്ങി വിതരണം ചെയ്തിട്ടുണ്ട് .

പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ -

1.പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് 7 വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട് .

2. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതി മാർഗ്ഗരേഖയിലെ 11.3.15 പ്രകാരം ഒഴിവായിപ്പോയ അർഹരായ ഗുണഭോക്താക്കളെ കൂട്ടിച്ചേർക്കുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയാകണം എന്ന് നിഷ്കർഷിക്കുന്നു .ഭരണസമിതി അംഗീകരിച്ച അനഘ മീത്തലെ ചീറോത്ത് എന്ന വിദ്യാർത്ഥിനിയെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല .

3. KELTRON ഇൻവോയ്സ് നമ്പർ - RV200105010586 , 10.02.21 പ്രകാരം 185164 രൂപ മാത്രമാണ് യഥാർത്ഥ വില. എന്നാൽ മുൻകൂറായി 192423 രൂപ അനുവദിച്ചിട്ടുണ്ട്. KELTRON ന് അധികം നൽകിയ 7259 രൂപ (192423-185164) തിരികെ ഈടാക്കിയിട്ടില്ല .

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/3.10.21 ) പ്രോജക്ടിൽ വകയിരുത്തിയതിനേക്കാൾ യൂനിറ്റ് കോസ്റ്റ് കുറവായത് കാരണം ഒരു ലാപ്പ്ടോപ്പ് അധികം വാങ്ങിയെന്നും വർഷവസാനം ഡി പി സി ഇല്ലാത്തത് കാരണം ഭേദഗതി ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്.

കെൽട്രോണിനു മുൻകൂറായി നൽകിയ തുകയിൽ നിന്നും യഥാർത്ഥ വില കിഴിച്ച് ബാക്കി വരുന്ന 7259 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-25 എസ് സി കുടുംബങ്ങൾക്ക് സൗരറാന്തൽ- സബ്സിഡി നൽകുന്നതിൽ നിയന്ത്രണം പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 109 /2019-2020 സ്പിൽ ഓവർ |
| പ്രൊജക്ടിന്റെ പേര് | എസ് സി കുടുംബങ്ങൾക്ക് സൗരറാന്തൽ |
| അടങ്കൽ | ₹ 2,30,000 വികസന ഫണ്ട്<br>( എസ് സി പി ) |
| ചെലവ് തുക | ₹ 2,30,000 |
| ബിൽ നമ്പർ, തീയതി | 2/2019-2020,14.05.2019 |

2018-19 ൽ ക്യൂ ബിൽ ആയത് കാരണം 2019-2020 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. മേൽ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപെട്ട 74 കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 3500 രൂപ നിരക്കിൽ 74 കുടുംബങ്ങൾക്ക് സൗരറാന്തൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് . പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018 പ്രകാരം സബ്സിഡി നൽകുന്നതിൽ നിയന്ത്രണം എന്ന ഖണ്ഡികയിൽ (ഖ.5-4-)സൗരറാന്തൽ (വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ എസ്,സി, എസ് ടി വിഭാഗത്തിലെ വീടുകൾക്ക് ഒഴികെ) വാങ്ങുന്നതിന് സബ്സിഡി നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് . ആയത് പ്രകാരം ഈ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ നിലവിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത പ്രദേശങ്ങളിലെ കുടുംബങ്ങൾ ആണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 6/3.10.21) എസ് സി പ്രമോർട്ടർ ഫീൽഡ്തല പരിശോധന നടത്തി വൈദ്യുതി ഇല്ലായിരുന്നുവെന്ന് ഉറപ്പാക്കിയാണ് പ്രോജക്ട് നടപ്പാക്കിയതെന്നും സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലെ ഗുണഭോക്താക്കളാണ് എന്നുമാണ് മറുപടി നൽകിയത്. എന്നാൽ ഫീൽഡ്തല പരിശോധന റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.പതിമൂന്നാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണം സ്റ്റാറ്റസ് റിപ്പോർട്ടിൽ വൈദ്യുതി ഇല്ലാത്ത വീടുകൾ പഞ്ചായത്തിൽ ഇല്ലായെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ മേൽ മാനദണ്ഡം പാലിക്കാതിരുന്നത് ശരിയായ നടപടിയല്ല. സബ്സിഡി അനുവദിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിയന്ത്രണം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പിവിസി ടാങ്ക് വിതരണം (എസ് സി)- വികസനഫണ്ടിൽ നിന്നുള്ള അധിക ചെലവ് 3750 രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 115 /2019-2020 (സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | പിവിസി ടാങ്ക് വിതരണം (എസ് സി) |
| അടങ്കൽ | ₹ 15000വികസന ഫണ്ട്(എസ് സി പി ) |
| ആകെ | ₹ 15000 |
| ചെലവ് | ₹ 14625 വികസന ഫണ്ട് (എസ് സി പി )<br>ബിൽ നമ്പർ-1/19-20, 14-05-19 |

2018-19 വാർഷിക പദ്ധതിയിൽ 60/19 നമ്പരായി അംഗീകാരം ലഭിച്ച് സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയാണിത്. മേൽ പദ്ധതി പ്രകാരം 5 പിവിസി ടാങ്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി സ്വാതി ഏജൻസീസ് എന്ന സ്ഥാപനത്തിന് 14625 രൂപ നൽകിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ-UR0674/2018-19).

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം വാട്ടർ ടാങ്കിന്റെ വിലയുടെ പരമാവധി 75% മാത്രമേ സബ്സിഡി ഇനത്തിൽ വികസനഫണ്ടിൽ നിന്ന് ചെലവഴിക്കുവാൻ പാടുള്ളൂ. ബാക്കി 25% തുക ഗുണഭോക്തൃ വിഹിതം ഇനത്തിലാണ് ചെലവഴിക്കേണ്ടത്. എന്നാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാങ്ങി വിതരണം ചെയ്ത 5 ടാങ്കുകളുടെ വില പൂർണ്ണമായും വികസനഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത് (2925 X 5 = 14625). പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം വകയിരുത്തിയിട്ടില്ല . പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്ത (750 X 5=3750) ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക പദ്ധതിയ്ക്കായി ചെലവഴിക്കാതെ വികസന ഫണ്ടിൽ നിന്ന് അധികമായി 3750 രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( 3/3.10.21) നൽകിയതിന് ഗുണഭോക്തൃ വിഹിതം വകയിരുത്തുവാൻ വിട്ടുപോയതാണെന്നും പ്രോജക്ട് ഭേദഗതി വരുത്താൻ സാധിക്കാത്തത് കാരണം മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നാണ് ചെലവഴിച്ചതെന്നും അധികമായി ചെലവഴിച്ച 3750 രൂപ പ്രസ്തുത ശീർഷകത്തിൽ അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നുള്ള അധിക ചെലവ് ക്രമപ്പെടുത്തേണ്ടതും ഒടുക്ക് വിവരം അറിയിക്കേണ്ടതുമാണ്. വികസനഫണ്ടിൽ നിന്നുള്ള അധിക ചെലവ് ക്രമപ്പെടുത്തേണ്ടതു വരെ 3750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 തൊഴിലുറപ്പ്പദ്ധതിയിൽ മെറ്റീരിയൽ പർച്ചേസ് ബില്ലിൽ നിന്നും ജി എസ് ടി ഈടാക്കുന്നില്ല .

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. സർക്കുലർ നം. 18/2019/ ഫിൻ തീയതി 01.03.2019 പ്രകാരം എല്ലാ കരാറുകാർക്കും ജി.എസ്.ടി. രജിസ്ട്രേഷൻ നിർബന്ധമാണ്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി.-യുടെ (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറു കാരൻ | മെറ്റീരിയൽ തുക | FTO നം & തിയതി | ഈടാക്കേണ്ട 2% ജി എസ് ടി തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1. | കണ്ണോത്തിപള്ളി മുതൽ കറന്താളിപ്പീടിക വരെ ഫൂട് പാത്ത് കോൺക്രീറ്റിംഗ് | വിജയൻ .എ | 370884.88 | KL1602007001-020919FTO201958, 16.09.2019<br>KL1602007001-020919FTO201902, 16.09.2019 | 7417.69 |
| 2 | പട്ടർ വയൽകണ്ണോത്ത്പള്ളി ഫൂട്ട്പാത്ത് . | വിജയൻ .എ | 433399.21 | KL1602007001-020919FTO201958, 16.09.2019<br>KL1602007001-160919FTO225084 ,16.09.2019 | 8667.98 |
| 3 | കരീക്കുന്ന് ഇല്ലത്ത്പീടിക റോഡ് കോൺക്രീറ്റ് | മഹീന്ദ്രൻ.ഒ | 1145379 | KL1602007001-020919FTO-201898,16.09.2019<br>KL1602007001-020919FTO-201918,16.09.2019 | 22907.5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 26/20.10.2021) നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ എം ഐ എസ്സിൽ ജി എസ് ടി ഈടാക്കുന്നതിനുള്ള സംവിധാനം ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും കരാറുകാരിൽ നിന്നും ജി എസ് ടി ഈടാക്കി അടവാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 11.10.2021,12.10.2021 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/1200/2021 തീയതി 01-12-2021 |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 700000 | ബഡ്സ് സ്കൂൾ ഒന്നാം നില നിർമ്മാണം-160/20 | 0 | 7,00,000 |
| ബ്ലോക്ക്പഞ്ചായത്ത് | 100000 | പെയിന് ആന്റ് പാലിയേറ്റീവ്-4/20 | 99948 | 52 |
| ബ്ലോക്ക്പഞ്ചായത്ത് | 1000000 | ലൈഫ് മിഷൻഭവന നിർമ്മാണം -ജനറൽ72/20 | 80000 | 9,20,000 |
| ബ്ലോക്ക്പഞ്ചായത്ത് | 42500 | സമഗ്ര പച്ചക്കറി കൃഷി-98/20 | 42500 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 100000 | ഭിന്നശേഷി സ്കോളർഷിപ്പ്-8/20 | 100000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 150000 | പാലിന് സബ്സിഡി-55/20 | 70273 | 79,727 |
| ബ്ലോക്ക്പഞ്ചായത്ത് | 100000 | ബഡ്സ് സ്കൂള് തൊഴിൽ പരിശീലനം-106/20 | 1,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 42500 | സമഗ്ര നെൽകൃഷി-104/20 | 42500 | 0 |
| ആകെ | 2235000 | | 535221 | 1699779 |
| ജില്ലാ പഞ്ചായത്ത് | 599880 | ഭിന്നശേഷി സ്കോളർഷിപ്പ് -8/20 | 599880 | 0 |
| ആകെ | 599880 | | 59880 | |

ലൈഫ് ഭവന നിർമ്മാണം (പ്രോ. 72/20), നല്ലോട്ട് പുറത്ത് കുളം നിർമ്മാണം (പ്രോ.നം. 151/20) എന്നീ പ്രോജക്ടുകളിൽ തൻവർഷം യഥാക്രമം 314470/- രൂപ, 5,00,000/- രൂപ എന്നിങ്ങനെ ചെലവ് വന്നിട്ടുണ്ട്. മുൻവർഷം ലഭിച്ച തുകയിൽ നിന്നുമാണ് ഈ ചെലവുകൾ നടത്തിയിരിക്കുന്നത്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽഉണ്ടായിരുന്നസ്ഥിരനിക്ഷേപം | 8,63,350 |
| തൻവർഷംനിക്ഷേപിച്ചതുക | 69,246 |
| ആകെ | 9,32,596 |
| തന്നാണ്ടിൽപിൻവലിച്ചതുക | 0 |
| വർഷാവസാനംഅവശേഷിക്കുന്നസ്ഥിരനിക്ഷേപം | 9,32,596 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമനമ്പർ | സ്ഥാപനത്തിന്റെപേര്(ബാങ്ക്/ ട്രഷറി/പോസ്റ്റ്ഓഫീസ്) | നിക്ഷേപിച്ചതിന്റെ വിവരം | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ചൊക്ലി സർവ്വീസ് സഹകരണബാങ്ക് | 1305/10-11 Dt 5.1.2011 | 908596 |
| 2 | മലബാറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൈറ്റി | 118/4429 Dt28/04/2015 | 20,000 |
| 3 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ് | വൗച്ചർ നം556 തീയതി 28/04/2015 | 4000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,120 രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയആളുടെപേരും ഉദ്യോഗപേരും | രശിതിനമ്പർ& തിയ്യതി |
|---|---|---|---|---|
| 1997-98 | 23 | 53/- | ശ്രീ.പി.അബ്ദുൾ ലത്തീഫ് ( പോസ്റ്റൽ അസിസ്റ്റന്റ് ) | 119020101975 Dt.21.08.2019 |
| 2010-11 | 2-2 | 300 | ശ്രീ.മോഹനൻ ,എ.എസ്.ഐ ചൊക്ലി പോലീസ്സ്റ്റേഷൻ | 119020100666 Dt.14.05.2019 |
| 2012-13 | 2-2 | 7 | ശ്രീമതി. കെ.പത്മാവതി, സെക്രട്ടറി | 119020101683 Dt.22.07.2019 |
| 2012-13 | 3-1(ബി) | 1872/- | ശ്രീമതി .സുജാത അരയാൽ പറമ്പത്ത്, PTRS Chokli | 119020101824 Dt.01.08.2019 |
| 2018-19 | 1-14 | 840/- | ശ്രീ.കെ.കെ.സൂര്യകാന്ത്, സെക്രട്ടറി | 119020106636 Dt. 04.01.2020 |
| 2018-19 | 1-24 | 2699/- | ശ്രീ.കെ.പി.ദിനേശൻ , കോൺട്രാക്ടർ | 119020107424 Dt.25.01.2020 |
| 2000-01 | 7 | 349/- | ഡോ.മഹമ്മൂദ്, വെറ്റിനറി സർജ്ജൻ | 119020107853 Dt.06.02.2020 |
| | ആകെ | 6120/- | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 15 | 2003-04 | 13-ാം പേജ് നം 132 | പദ്ധതി നിർവ്വഹണ ചെലവ് പരിധികഴിഞ്ഞ് ചെലവഴിച്ചു. | നിയമസഭ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം-

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43,80,9687 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44803472 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,78,225 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 5,50,000 | ശ്രീ.ജസീർ.കെ.പി (വി ഇ ഒ -ഒളവിലം ) |
| 1-20 | 1,50,000 | ശ്രീ.ജസീർ.കെ.പി (വി ഇ ഒ -ഒളവിലം ) |
| 1-21 | 78,048 | ഡോ.അമൃതകല(മെഡിക്കൽ ഓഫീസർ-പി എച്ച് സി ) |
| 1-22 | 12,48,021 | ശ്രീമതി.പ്രേമലത.കെ (അസിസ്റ്റന്റ് സെക്രട്ടറി ) |
| 1-23 | 1,48,406 | ശ്രീമതി.പ്രേമലത.കെ (അസിസ്റ്റന്റ് സെക്രട്ടറി ) |
| 1-26 | 3,750 | ശ്രീമതി.പ്രേമലത.കെ (അസിസ്റ്റന്റ് സെക്രട്ടറി ) |
| ആകെ | 21,78,225 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **പേര്** | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ.ജസീർ.കെ.പി (വി ഇ ഒ -ഒളവിലം ) | വി ഇ ഒ -ഒളവിലം ചൊക്ലി ഗ്രാമ പഞ്ചായത്ത് | " റിഫ " പെരിങ്ങാടി (പി ഒ ) |
| ഡോ.അമൃതകല(മെഡിക്കൽ ഓഫീസർ-പി എച്ച് സി ) | മെഡിക്കൽ ഓഫീസർ-പി എച്ച് സി ചൊക്ലി | മല്ലേരിയിൽ ഹൗസ് ,ഈസ്റ്റ് പള്ളൂർ.മാഹി |

| | | |
|---|---|---|
| ശ്രീമതി.പ്രേമലത.കെ (അസിസ്റ്റന്റ് സെക്രട്ടറി ) | സെക്രട്ടറി , കാറഡുക്ക ഗ്രാമ പഞ്ചായത്ത് | എകരപറമ്പത്ത് ഹൗസ്, പാന്നൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 6 |
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 2 |
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 6 |
| 2000-01(പദ്ധതി വിഹിതം) | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 1 |
| 2000-01പദ്ധതി വിഹിതം ഒഴികെ) | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 1 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 5 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 7 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 6 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 7 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 10 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 5 |
| 2010-11,2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 9 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/754/2019തീ. 13-06-19 | 12 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/1279/2106/2019തീ. 23-07-2106 | 8 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/687/2017തീ. 13-06-19 | 16 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ | 19 |

| | | |
|---|---|---|
| | സി.9/202/2018തീ. 15-05-18 | |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ./ സി.9/1598/2018 തീ. 05.11.2018 | 5 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/ സി.9/637/2020 തീ. 20.10.2020 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Chokli Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 28557931.99 |
| Cash | Cash | RP-40(a) | 32669.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1474970.00 |
| 140000000 | Fees & User Charges | RP-4 | 633347.00 |
| 150000000 | Sale & Hire Charges | RP-5 | 233339.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 32298722.00 |
| 171000000 | Interest Earned | RP-9 | 345590.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3838237.00 |
| 350000000 | Other Liabilities | RP-36 | 115900.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 83526.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-29 | 1396.00 |
| 340000000 | Deposits Received | RP-34 | 58794.00 |
| 350000000 | Other Liabilities | RP-36 | 240366.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4485500.00 |
| | **Grand total** | | **72400287.99** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 3255168.00 |
| 220000000 | Administrative Expenses | RP-12 | 1025805.00 |
| 230000000 | Operations & Maintenance | RP-13 | 1307779.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3298109.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12408616.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 140587.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1206795.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 571000.00 |
| 255000000 | Maintenance Projects | RP-20 | 4274310.00 |
| | | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 52500.00 |
| 280000000 | Prior Period item | RP-26 | -28909.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 369209.00 |
| 350000000 | Other Liabilities | RP-36 | 6056690.00 |

| | | | |
|---|---|---|---|
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 877.00 |
| 280000000 | Prior Period Item | RP-26 | -8992.00 |
| 340000000 | Deposits Received | RP-34 | 12085.00 |
| 350000000 | Other Liabilities | RP-36 | 1980569.00 |
| 410000000 | Fixed Assets | RP-38 | 6924592.00 |
| 412000000 | Capital work in Progress | RP-40 | 807591.00 |
| 460000000 | Loans, Advances and Deposits | RP-47 | 1149091.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 27596815.99 |
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **72400287.99** |

## അനുബന്ധം-3-2
## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Chokli Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6115367.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 4620.00 |
| 140000000 | Fee & User Charges | I-4(b) | 854947.00 |
| 150000000 | Sale & Hire Charges | I-5(b) | 187979.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 67115465.00 |
| 170000000 | Income from Investments | I-7 | 69246.00 |
| 171000000 | Interest Earned | I-8 | 345590.00 |
| 180000000 | Other Income | I-9 | 146778.00 |
| | **Total Income** | | **74839992.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 10503719.00 |
| 220000000 | Administrative Expenses | I-11(b) | 1025805.00 |
| 230000000 | Operations & Maintenance | I-12(b) | 1422907.00 |
| 240000000 | Interest & Finance Charges | I-13 | 877.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3951619.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28040880.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 140749.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1206795.00 |
| 254000000 | Expenditures of Transfered Institutions and State | I-14(d) | 13369300.00 |

| | | | |
|---|---|---|---|
| | Sponsored Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 4580961.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 52500.00 |
| 272000000 | Depreciation | I-17(a) | 9616164.00 |
| | **Total Expenditure** | | **73912276.00** |
| | **Gross Surplus/ Deficit of income over Expenditure** | | **927716.00** |
| 280000000 | Prior Period Item | I-18 | -7533.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **935249.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

| Chokli Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 29785883.05 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 35969.00 |
| 312000000 | Reserves | B-3 | 48590283.00 |
| | **Total Reserve & Surplus** | | **78412135.05** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9116484.49 |
| | **Total Grants, Contributions for Specific Purposes** | | **9116484.49** |
| | **Loans** | | |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 77394.00 |
| 350000000 | Other Liabilities | B-9 | 1076230.45 |
| | **Total Current Liabilities and Provisions** | | **1153624.45** |
| | **TOTAL LIABILITIES** | | **88682243.99** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 82297324.00 |
| 411000000 | Accumulated Depreciation | B-11 | -23547432.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | **Total Fixed Assets** | | **58749892.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 932596.00 |
| | **Total Investments** | | **932596.00** |
| | **Current Assets, Loans and Advances** | | |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 478867.00 |
| 450000000 | Cash and Bank Balance | B-17 | 27596815.99 |
| 460000000 | Loans, Advances and Deposits | B-18 | 924073.00 |
| | **Total Current Assets, Loans and Advances** | | **28999755.99** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | | | |

| | |
|---|---|
| TOTAL ASSETS | **88682243.99** |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.